**SPICES BOARD**
(Ministry of Commerce and Industry
Government of India)
Sugandha Bhavan
N.H. By-pass
P.B. No. 2277
Palarivattom P.O.
**Cochin - 682 025, India**

**स्पाइसेस बोर्ड**
(वाणिज्य एवं उद्योग मंत्रालय,
भारत सरकार)
सुगन्ध भवन
एन. एच. बाइपास
पी. बी. नं. 2277
पालारिवट्टम पी.ओ.
**कोचिन - 682 025, भारत**

*പത്രക്കുറിപ്പ്* *16.08.2017*

# കുങ്കുമപ്പൂവിന്റെ ഗുണവും വിപണനവും മെച്ചപ്പെടുത്താൻ സ്പൈസസ് ബോർഡും ജമ്മു-കശ്മീർ സർക്കാരും കൈകോർക്കുന്നു

കൊച്ചി: മൂല്യവൽകരണത്തിലൂടെ കശ്മീർ കുങ്കുമപ്പൂവിന ആഭ്യന്തര- അന്താരാഷ്ട്ര വിപണിയിൽ പ്രചാരം നൽകാൻ സ്പൈസസ് ബോർഡും ജമ്മു-കശ്മീർ സർക്കാരും സഹകരിക്കുന്നു. ഉല്പന്നത്തിന്റെ ഗുണമേന്മ വർധിപ്പിച്ചും വിപണന തന്ത്രങ്ങൾ ആവിഷ്കരിച്ചുമാണ് ഇത് ചെയ്യുന്നത്.

കശ്മീർ കുങ്കുമപ്പൂവിന ഭൗമമേഖല രജിസ്ട്രേഷൻ ലഭിക്കുന്നതിനുള്ള നടപടികളുമായി സ്പൈസസ് ബോർഡും ജമ്മുകശ്മീർ സർക്കാരും സംയുക്തമായി മുന്നോട്ടുപോകും. കശ്മീർ കുങ്കുമപ്പൂവിന കൂടുതൽ ആധികാരികത ലഭിക്കുന്നതിനുവേണ്ടിയാണിത്. ശ്രീനഗറിൽ കുങ്കുമപ്പൂവിനെക്കുറിച്ചുള്ള രണ്ട് ദിവസത്തെ ദേശീയ സെമിനാറിൽ സുഗന്ധവ്യഞ്ജനമെന്ന നിലയിൽ ഇത് വിപണനം ചെയ്യുന്നതിനെക്കുറിച്ചുള്ള ചർച്ചകൾ നടന്നു.

കുങ്കുമപ്പൂവിന മാനദണ്ഡങ്ങൾ ബാധകമാക്കാനുള്ള നടപടികൾ ഈ വർഷം ഫെബ്രുവരിയിൽ ചെന്നൈയിൽ നടന്ന സുഗന്ധവ്യഞ്ജനങ്ങൾക്കായുള്ള കോഡെക്സ് കമ്മിറ്റി മൂന്നാം സമ്മേളനത്തിൽ സ്വീകരിച്ചിട്ടുണ്ടെന്ന് സെമിനാറിൽ മുഖ്യപ്രഭാഷണം നടത്തിയ സ്പൈസസ് ബോർഡ് ചെയർമാൻ ഡോ.എ.ജയതിലക് പറഞ്ഞു. ഭക്ഷണ പാനീയങ്ങൾ, സൗന്ദര്യവർധക വസ്തുക്കൾ, സുഗന്ധലേപനങ്ങൾ എന്നിവയിലൂടെ കുങ്കുമപ്പൂവിന്റെ സ്വീകാര്യത വർധിപ്പിക്കും.

ജമ്മു കാശ്മീരിൽ കർഷക കൂട്ടായ്മകൾ കേന്ദ്രീകരിച്ച് കുങ്കുമപ്പൂവിന്റെ ഗുണമേന്മ കൂട്ടുന്നതിനായി ചെറുകിട മൂല്യവർധിത യൂണിറ്റുകൾ, സംസ്കരണ കേന്ദ്രങ്ങൾ എന്നിവ തുടങ്ങുന്നതിന സ്പൈസസ് ബോർഡ് പ്രോത്സാഹനം നൽകുമെന്നും അദ്ദേഹം വ്യക്തമാക്കി. പാംപോറിലെ കർഷക സംഘത്തിന മൂല്യവർധിത-സംസ്കരണ യൂണിറ്റ് തുടങ്ങുന്നതിന 15 ലക്ഷം രൂപ ബോർഡ് സഹായമായി നൽകി.

ബോർഡിന്റെ ഗുണമേന്മാ പരിശോധന ലാബുകളിൽ ജമ്മു കശ്മീരിലെ കൃഷി വകുപ്പ് സാങ്കേതിക ഉദ്യോഗസ്ഥർക്ക് നേരിട്ട് പരിശീലനം നൽകാൻ തയ്യാറാണെന്ന് ഡോ ജയതിലക് വ്യക്തമാക്കി. കുങ്കുമപ്പൂവിലെ മായം തടയാനുതകുന്ന ലളിതമായ പരിശോധനകൾ ഉപഭോക്താക്കൾക്കിടയിൽ ജനകീയമാക്കണമെന്ന് അദ്ദേഹം നിർദ്ദേശിച്ചു.

കുങ്കുമപ്പൂവിന്റെ ഉത്പാദനവും കയറ്റുമതി സാധ്യതകളും വർധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ സ്പൈസസ് ബോർഡ് സ്ഥാപിച്ച സാഫ്രൺ പ്രൊഡക്ഷൻ ആൻഡ് എക്സ്പോർട്ട് ഡെവലപ്മന്റ് ഏജൻസി (എസ്പിഇഡിഎ) കുങ്കുമപ്പൂവിന്റെ കയറ്റുമതി, ഉപഭോഗം,

**SPICES BOARD**
(Ministry of Commerce and Industry
Government of India)
Sugandha Bhavan
N.H. By-pass
P.B. No. 2277
Palarivattom P.O.
**Cochin - 682 025, India**

**स्पाइसेस बोर्ड**
(वाणिज्य एवं उद्योग मंत्रालय,
भारत सरकार)
सुगन्ध भवन
एन. एच. बाइपास
पी. बी. नं. 2277
पालारिवट्टम पी.ओ.
**कोचिन - 682 025, भारत**

ഗുണമേന്മ, ആഭ്യന്തര വിപണനം, ഗവേഷണവും വികസവും എന്നീ രംഗങ്ങളിൽ പ്രവർത്തിക്കുന്നുണ്ട്.

കാർഷികോത്പാദന വകുപ്പിന്റെ കീഴിലുള്ള ശ്രീനഗറിലെ എസ് കെ യൂണിവേഴ്സിറ്റി ഓഫ് അഗ്രികൾച്ചറൽ സയൻസ് ആൻഡ് ടെക്നോളജി സംഘടിപ്പിച്ച സെമിനാർ ജമ്മുകശ്മീർ കാർഷികോത്പാദന മന്ത്രി ഗുലാം നബി ലോൺ ഉദ്ഘാടനം ചെയ്തു. വനം-പരിസ്ഥിതി-മൃഗസംരക്ഷണ-സഹകരണ-ഫിഷറീസ് മന്ത്രി സഹൂർ അഹമ്മദ് മിർ, കാർഷികോത്പാദന വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സന്ദീപ് കുമാർ നായക്, സർവകലാശാല വൈസ് ചാൻസിലർ പ്രൊഫ. നസീർ അഹമ്മദ്, കൃഷി ഡയറക്ടർ അൽതാഫ് ഐജാസ് ആന്ദ്രാബി എന്നിവരും ചടങ്ങിൽ സംബന്ധിച്ചു.

കശ്മീരി കുങ്കുമപ്പൂവിന്റെ ആഭ്യന്തര-അന്താരാഷ്ട്ര വിപണനം ത്വരിതപ്പെടുത്തുകയെന്ന ലക്ഷ്യത്തോടെ കേന്ദ്ര കൃഷി വകുപ്പ്, ദേശീയ ഹോർട്ടികൾച്ചറൽ ബോർഡ്, സ്പൈസസ് ബോർഡ്, ജെഎന്റ് കെ ബാങ്ക് എന്നിവ സംയുക്തമായാണ് സെമിനാർ സംഘടിപ്പിച്ചത്.

ലോകത്തിലെ ഏറ്റവും മികച്ച കുങ്കുമപ്പൂവാണ് കശ്മീരിൽ ഉത്പാദിപ്പിക്കുന്നത്. സവിശേഷ ഭക്ഷ്യോത്പന്ന വിഭാഗത്തിലെ സുപ്രധാന പുരസ്കാരമായ ഗ്രേറ്റ് ടേസ്റ്റ് അവാർഡ് കശ്മീർ കുങ്കുമപ്പൂവിന ലഭിച്ചിട്ടുണ്ട്.